# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1948 — 05.10.2016 -ൽ മറുപടിയ്ക്ക്

### കിണറുകൾ റീ ചാർജ് ചെയ്യുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം.എം.മണി | | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) | കിണറുകൾ റീ ചാർജ് ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | എ) | ഭൂജലവകുപ്പിൽ ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കിണറുകൾ റീചാർജ് ചെയ്യുന്ന പദ്ധതിയും വിവിധ ജില്ലകളിൽ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രവൃത്തികൾ നടന്നു വരുന്നു. |
| ബി) | ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | ബി) & സി) | ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ താഴെ പറയുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>**2010-11**<br>1. പി.എച്ച്.സി, പാമ്പാടുപാറ<br>2. പി.എച്ച്.സി, രാജാക്കാട്<br>3. കുടുംബക്ഷേമകേന്ദ്രം, അന്യാർതൊളു<br>4. വിൽപ്പന നികുതി ക്വാർട്ടേഴ്സ്, നെടുങ്കണ്ടം<br>5. അഗ്രികൾച്ചർ യൂണിവേഴ്സിറ്റി കാമ്പസ്, പാമ്പാടുപാറ<br>**2013-14**<br>1. എസ്സ്.എൻ.യു.പി.സ്കൂൾ, പോത്തിൻകണ്ടം, കരുണാപുരം.<br>2. പോലീസ് സ്റ്റേഷൻ കോമ്പൗണ്ട്, നെടുങ്കണ്ടം<br>3. മിനി സിവിൽ സ്റ്റേഷൻ, നെടുങ്കണ്ടം.<br>4. ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, നെടുങ്കണ്ടം.<br>**2015-16**<br>1. ഗവ.യു.പി.സ്കൂൾ, പഴയവിടുതി, രാജാക്കാട്. |
| സി) | പ്രസ്തുത പഞ്ചായത്തുകളിലെ കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവൃത്തികൾ ഏതു ഘട്ടത്തിലാണ് | | |
| ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകും; വിശദാംശം വ്യക്തമാക്കുമോ? | | ഏറ്റെടുത്ത എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ